# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1709** — 31.01.2018 ലെ മറുപടിക്ക്

## ഡാറ്റാബാങ്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.വിജയൻ പിള്ള | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| തണ്ണീർതട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തിയ വയലുകളിൽ അഞ്ച് സെന്റ് ഉള്ളവരുടെ സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡാറ്റാബാങ്ക് അന്തിമമാകാത്ത സാഹചര്യത്തിൽ അത്തരക്കാർക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നല്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തുമോ; വ്യക്തമാക്കാമോ? | പരിഗണനയിലില്ല; 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാബാങ്കിലോ കരട് ഡാറ്റാബാങ്കിലോ ഉൾപ്പെട്ട ഭൂമി (2008-ന് മുമ്പ് നികത്തിയതാണെങ്കിലും) വീട് വയ്ക്കുന്നതിനു വേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അതത് സംഗതി പോലെ സംസ്ഥാനതല സമിതിക്കോ ജില്ലാതല അധികൃത സമിതിക്കോ ശിപാർശ നൽകുന്നതിനുള്ള അധികാരം കൃഷി ഓഫീസർ കൺവീനറായുള്ള പ്രാദേശികതല നിരീക്ഷണ സമിതിയിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ